## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1647 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്തത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസിനു മേൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് കുടിശ്ശികയായിട്ടുള്ളത്; ഏത് മാസം മുതലാണ് കുടിശ്ശികയായിട്ടുള്ളതെന്നും എന്താണ് കാരണമെന്നും വ്യക്തമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ പെൻഷനുകളുടെ 2017 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തുക വിതരണം ചെയ്യാനുണ്ട്. കൂടാതെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം യഥാസമയം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ ലഭിക്കാതെ പോയ മുൻകാല കുടിശ്ശികയും നൽകാനുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം വിവരം ലഭ്യമാകാത്തതിനാലും, 2015 ഏപ്രിൽ മാസത്തിൽ ഡിബിടി സംവിധാനം നടപ്പിലാക്കിയപ്പോൾ പല ഗുണഭോക്താക്കൾക്കും മുൻമാസങ്ങളിലെ കുടിശ്ശിക നിലവിലുണ്ടായിരുന്നതിനാലുമാണ് ഇപ്രകാരം കുടിശ്ശികയായിട്ടുള്ളത്. |
| (സി) | നിലവിൽ കുടിശ്ശികയായിട്ടുള്ള ക്ഷേമ പെൻഷനുകൾ എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഗുണഭോക്തൃ വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ക്ഷേമപെൻഷനുകൾ ഒന്നിൽ കൂടുതൽ ഒരാൾ വാങ്ങുന്നതിന് നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ എന്താണ് പുതിയ മാനദണ്ഡം എന്ന് വിശദമാക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഒന്നിലധികം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കൂടിയ നിരക്കിലുള്ള ഒരു പെൻഷനും, പുറമേ 600/ രൂപ നിരക്കിൽ മറ്റൊരു പെൻഷൻ കൂടി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗപരിമിതർക്കുള്ള പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരുപെൻഷൻ കൂടി ലഭിക്കുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ